സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടിക്രമം
## (സാന്നിദ്ധ്യം : വി.എസ്.ജയകുമാർ)

### സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ വഴിപാട് നിരക്ക് ഏകീകരണം- 01.04.2016 ലെ ഉത്തരവിലെ ഏതാനും ഭേദഗതികൾ സംബന്ധിച്ച്.

---

ആർ.ഒ.സി. നമ്പർ.10416/12/സ്യൂട്ട്/എൻ.എസ്. നന്തൻകോട് , 28 /05/2016.

---

പരാമർശം : 1. 01.04.2016, 22.04.2016 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.
2. അംഗീകൃത സർവ്വീസ് സംഘടനയുടെ 23.05.2016 ലെ കത്ത്.

### ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ ദേവസ്വങ്ങളിലെയും വഴിപാടു നിരക്ക് 01.05.2016 പ്രാബല്യത്തിൽ ഏകീകരിച്ചുകൊണ്ട് 01.04.2016 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ അഭ്യർത്ഥന പ്രകാരം 20.04.2016 ൽ അവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 22.04.2016 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം പ്രാബല്യ തീയതി 01.06.2016 ആയി ദീർഘിപ്പിച്ചു. തുടർന്ന് സൂചന (2) ആയി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 01.04.2016 ലെ ആർ.ഒ.സി. 10416/12/സ്യൂട്ട്/എൻ.എസ്.നമ്പർ ഉത്തരവിൽ ചുവടെ വിവരിക്കുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1. അഭിഷേകം, വിവാഹം, വാഹനം എഴുന്നള്ളത്ത് എന്നിവയ്ക്ക് നിലവിൽ കൊടുത്തുവരുന്ന ദക്ഷിണ നൽകേണ്ടതില്ല എന്ന ഉത്തരവ് ഭേദഗതി ചെയ്യണമെന്ന ആവശ്യം പരിഗണിച്ച് ടി ഐറ്റങ്ങൾക്ക് "വ്യക്തമായ ഉത്തരവിലൂടെ മുൻപ് അനുവദിച്ചിട്ടുള്ള ദക്ഷിണ തുക മാത്രം ക്ലെയിം ചെയ്യാം എന്ന് 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നു."

2. അർച്ചനകൾക്ക് ഇല, പൂവ്, ചന്ദനം/കുങ്കുമം/ഭസ്മം എന്നിവ എല്ലാവർക്കും നൽകേണ്ടതിനാൽ നിലവിലെ സ്ഥിതി തുടരണമെന്നും, അഷ്ടോത്തരാർച്ചനയുടെ നിരക്കിൽ വ്യതിയാനം വരുത്തണമെന്നുമുള്ള ആവശ്യം പരിഗണിച്ച് "അഷ്ടോത്തരാർച്ചനയുടെ നിരക്ക് 10 രൂപയായി നിലനിർത്തുന്നതിനും അർച്ചന ഐറ്റങ്ങൾക്ക് 01.04.2016 ലെ ഉത്തരവിന് മുമ്പ് അനുവദിച്ചിരുന്ന ക്രമം മാത്രം സപ്ലൈയറും, അഷ്ടോത്തരാർച്ചനയ്ക്ക് 01.04.2016 ലെ ഉത്തരവിന് മുമ്പുള്ള ക്രമം ശാന്തികൂറും അനുവദിക്കുന്നു."

3. നിവേദ്യങ്ങൾക്ക് നിശ്ചിത എണ്ണം വഴിപാട് കഴിഞ്ഞാൽ നിശ്ചിത ശതമാനം മുതൽകൂട്ടണമെന്ന് ഉത്തരവ് പൂർണ്ണമായും പിൻവലിക്കണമെന്ന ആവശ്യം പരിഗണിച്ചും 01.04.2016 മുതൽ ഡിപ്പാർട്ട്മെന്റ് സപ്ലൈ ഏർപ്പെടുത്തുന്നതിന് 29.3.16 ൽ ആർ.ഒ.സി.87/16/എസ്റ്റാ. നമ്പർ ബോർഡുത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും "നിശ്ചിത എണ്ണം കഴിയുമ്പോൾ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ മുതൽക്കൂട്ട് അധികം അടയ്ക്കണമെന്ന ഉത്തരവ് തൽക്കാലം ഭേദഗതി ചെയ്ത് 01.04.2016 നു മുൻപിലെ സ്ഥിതി തുടരുന്നതിന് അനുവദിക്കുന്നു."

4. ഉണ്ണിയപ്പം 1/4 ലിറ്ററിന് 20 എണ്ണം എന്നത് ഒഴിവാക്കണമെന്ന ആവശ്യം പരിഗണിച്ച് ആയത് 10 എണ്ണം ലഭിക്കത്തക്കവിധം തയ്യാറാക്കി വിതരണം ചെയ്യേണ്ടതാണെന്ന് 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നു.

5. കെട്ട് നിറ - ഭക്തർ സാധനം ഹാജരാക്കിയാൽ വാങ്ങേണ്ട മുതൽകൂട്ട് വ്യക്തത വരുത്തിയിട്ടില്ലായെന്ന ആവശ്യം പരിഗണിച്ച് [illegible] സാധന വരവിന് കെട്ടൊന്നിന് 35/- രൂപയായി മുതൽക്കൂട്ട് നിജപ്പെടുത്തുന്നു.

6. ചാവി പൂജ - നിലവിലെ റേറ്റ് ആയ 15/- രൂപ 100/- രൂപയായി വർദ്ധിപ്പിച്ചത് ഒഴിവാക്കി 25/- രൂപയാക്കണമെന്ന ആവശ്യം പരിഗണിച്ച് പുതിയ വാഹനങ്ങളുടെ ചാവിപൂജ 100/- രൂപയായി നിലനിർത്തികൊണ്ട് പഴയ വാഹനങ്ങളുടെ ചാവിപൂജ 30/- രൂപയാക്കി 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നു.

7. അമ്പലങ്ങളിലെ ഒടുക്ക് - 1st Grade, 2nd Grade, Higher Grade എന്നീ ദേവസ്വങ്ങളിൽ ജോലി നോക്കുന്ന സബ്ഗ്രൂപ്പാഫീസർമാർക്ക് നിലവിൽ രണ്ട് മൂന്ന് സബ്ഗ്രൂപ്പിന്റെ ചാർജ്ജ് ഉള്ളതിനാൽ മൂന്ന് ദിവസം കൂടുമ്പോൾ ഒടുക്കുവരുത്തണമെന്ന ഉത്തരവ് ഭേദഗതി വരുത്തണമെന്ന ആവശ്യം പരിഗണിച്ച് "1st Grade, 2nd Grade, Higher Grade S.G.O മാർ ഉള്ള സബ്ഗ്രൂപ്പുകളുടെ ഒടുക്ക് പരമാവധി നാല്, അഞ്ച് ദിവസം എന്നത് ഭേദഗതി ചെയ്ത് 01.04.2016 ലെ ഉത്തരവിനു മുമ്പിലെ സ്ഥിതി തുടരുന്നതിന് അനുവദിക്കുന്നു.

8. ഗണപതി ഹോമം - 100 എണ്ണം വരെ സപ്ലെയർ ചെലവ് എഴുതാൻ അനുവദിക്കണം. 101 മുതൽ 10 ശതമാനം തുക ഒടുക്കാം. വിനായക ചതുർത്ഥി ദിവസം യാതൊരു നിയന്ത്രണവും പാടില്ല എന്ന ആവശ്യം പരിഗണിച്ച് "വിനായക ചതുർത്ഥി ആഘോഷം പ്രധാനമായും ഗണപതി ക്ഷേത്രങ്ങളിൽ മാത്രമാണ് നടക്കുന്നത് എന്നതിനാലും ഓരോ അമ്പലത്തിലേയും സാഹചര്യം വ്യത്യസ്തമാകയാലും ഏതൊക്കെ അമ്പലങ്ങളിലാണ് വിനായ ചതുർത്ഥി ദിവസം പൊതു ഉത്തരവിൽ ഭേദഗതി ആവശ്യമുള്ളത് എന്നത് സംബന്ധിച്ച് A.O / S.G.O മാർ അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ അറിയിക്കേണ്ടതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ അന്വേഷിപ്പിച്ചും റിക്കാർഡുകൾ പരിശോധിച്ചും, ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആയത് ദേവസ്വം കമ്മീഷണർ കൺസോളിഡേറ്റ് ചെയ്ത് വ്യക്തമായ ശുപാർശ ബോർഡിൽ സമർപ്പിക്കുന്നതിനും ഉത്തരവാകുന്നു." ആയത് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമുള്ളപക്ഷം ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

9. മൃത്യുഞ്ജയഹോമം - എണ്ണം കൂടുന്നതനുസരിച്ച് കൂടുതൽ സമയം എടുത്ത് ദ്രവ്യങ്ങൾ ഹോമിച്ച് നടത്തുന്നതാകയാൽ യാതൊരു നിയന്ത്രണവും പാടില്ല എന്ന ആവശ്യം കണക്കിലെടുത്ത് " പൊതു ഉത്തരവിൽ ഭേദഗതി ആവശ്യമുള്ള ക്ഷേത്രങ്ങളുടെ വിവരം A.O/ S.G.O മാർ അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ അറിയിക്കുന്നതിനും, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ അപ്രകാരമുള്ള ദേവസ്വങ്ങളിലെ റെക്കോർഡുകളും വഴിപാട് നടത്തിപ്പും പരിശോധിച്ചും പ്രാദേശിക അന്വേഷണം നടത്തിയും മുന്നറിയിപ്പില്ലാതെ പരിശോധനകൾ നടത്തിയും റിപ്പോർട്ട് ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കുന്നതിനും ദേവസ്വം കമ്മീഷണർ ആയത് കൺസോളിഡേറ്റ് ചെയ്ത് വ്യക്തമായ ശുപാർശ ബോർഡിൽ സമർപ്പിക്കുന്നതിനും ഉത്തരവാകുന്നു." ആയത് ലഭിച്ച ശേഷം ഇക്കാര്യത്തിൽ ആവശ്യമുള്ളപക്ഷം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

10. തിലഹോമം - കൂട്ടമായി നടത്തുന്നതല്ലാത്തതാകയാൽ എല്ലാ തിലഹോമത്തിനും സപ്ലയർ അനുവദിക്കണമെന്നതാണ് ആവശ്യം. " കർക്കിടകവാവ് ഒഴിച്ചുള്ള ദിവസങ്ങളിൽ 300 എണ്ണം വരെ മുഴുവൻ സപ്ലെയർ അനുവദിച്ചിട്ടുണ്ട്. ആയതിന് മുകളിൽ മാത്രമേ മുതൽകൂട്ടുന്നതിന് നിർദ്ദേശം ഉള്ളൂ. അതിനാൽ ഏത് ദേവസ്വത്തിലാണ് ഭേദഗതി ആവശ്യമുള്ളതെന്ന്, A.O/ S.G.O മാർ അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ അറിയിക്കേണ്ടതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ അന്വേഷിച്ച് റിപ്പോർട്ട് ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കുന്നതിനും ദേവസ്വം കമ്മീഷണർ ഇപ്രകാരമുള്ളവ കൺസോളിഡേറ്റ് ചെയ്ത് വ്യക്തമായ ശുപാർശ ബോർഡിൽ സമർപ്പിക്കുന്നതിനും ഉത്തരവാകുന്നു." ആയത് ലഭിച്ച ശേഷം ഇക്കാര്യത്തിൽ ആവശ്യമുള്ളപക്ഷം ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

11. അന്നദാനം - 101 ന് മേൽ 10 ശതമാനവും 201 ന് മേൽ 20 ശതമാനവും മുതൽക്കൂട്ട് വരുത്തണമെന്നത് അശാസ്ത്രീയവും പരാതി ഉണ്ടാക്കുമെന്നതിനാലും ഒഴിവാക്കേണ്ട താണ് എന്ന ആവശ്യം പരിശോധിച്ച് ''അപൂർവം അമ്പലങ്ങളിൽ മാത്രമാണ് 100 ന് മുകളിൽ അന്നദാനം നടക്കുന്നത്. പരാതി ഉള്ളവർ കാര്യകാരണ സഹിതം അതാത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ അറിയിക്കേണ്ടതും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ പരിശോധനയും വഴിപാട് നടത്തിപ്പ് പരിശോധിച്ച് പ്രാദേശിക അന്വേ ഷണം നടത്തിയും റിപ്പോർട്ട് ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കുന്നതിനും ദേവസ്വം കമ്മീഷണർ ആയത് കൺസോളിഡേറ്റ് ചെയ്ത് വ്യക്തമായ ശുപാർശ ബോർഡിൽ സമർപ്പിക്കുന്നതിനും ഉത്തരവാകുന്നു.'' ആയത് പരിശോധിച്ച് ആവശ്യമുള്ളപക്ഷം ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

12. പുഷ്പാഭിഷകം - പുതിയ പ്രപ്പോസൽ അനുവദിച്ചു വരുന്നതുവരെ നിലവിലെ രീതി തുടരാൻ അനുവദിക്കണമെന്നതാണ് ആവശ്യം. ക്ഷേത്രത്തിന്റെ പ്രാധാന്യം അനുസരിച്ച് മുതൽക്കൂട്ടിൽ മാത്രമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത് എന്നതിനാൽ 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതില്ലയെന്ന് ഉത്തരവാകുന്നു.

13. അട നിവേദ്യം - ഏഴ് എണ്ണം എന്ന് നിജപ്പെടുത്തിയിട്ടുള്ളത് അശാസ്ത്രീയം എന്നാണ് വിവരിച്ചിട്ടുള്ളത്. $^{1}/_{4}$ ലിറ്റർ അരി പൊടിച്ച് ചേരുവകൾ ഉൽപ്പെടുത്തി തയ്യാറാക്കേണ്ടതാണ് എന്ന് മാത്രമേ 01.04.2016 ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളു. 7 എണ്ണം നൽകത്തക്കവണ്ണം തയ്യാറാക്കിയാൽ മതിയെന്നതിനാൽ 01.04.2016 ലെ ഉത്തര വിൽ ഭേദഗതി വരുത്തേണ്ടതില്ലയെന്ന് ഉത്തരവാകുന്നു.

14. വടമാല - 01.04.2016 ലെ ഉത്തരവ് അശാസ്ത്രീയമാണെന്നതാണ് പരാതി. 01.04.2016 ലെ ഉത്തരവിൽ പത്തെണ്ണത്തിന്റെ ഗുണിതങ്ങളായി വഴിപാട് നടത്തി നൽകണം എന്നു മാത്രമേ നിർദ്ദേശിച്ചിട്ടുള്ളു. അതിനാൽ 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതില്ലയെന്ന് ഉത്തരവാകുന്നു.

15. ഭഗവതിസേവ - പായസം, അട, അപ്പം എന്നിവ പ്രസാദമായി നൽകേണ്ടതുണ്ട്, മാത്രമല്ല വഴിപാടുകാരന്റെ സാന്നിദ്ധ്യത്തിലാണ് ഭഗവതി സേവ നടത്തുന്നത് എന്നുള്ള തിനാൽ എല്ലാപേർക്കും പ്രസാദം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ പാടില്ല. നിലവിലെ രീതി തുടരണമെന്നതാണ് ആവശ്യം. '' ടി ഐറ്റത്തിന് വച്ചൊരുക്ക് ഒന്നുമാത്രം ആകയാൽ മൂന്നിൽ അധികരിച്ചുവരുന്ന വെച്ചൊരുക്കിന്റെ തുക ഡിപ്പാർട്ടു മെന്റിൽ ഒടുക്കുന്നതിന് മാത്രമേ നിർദ്ദേശിച്ചിട്ടുള്ളു. പരാതിയിൽ കഴമ്പ് ഇല്ല എന്നു കാണുന്നതിനാൽ 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതില്ലയെന്ന് ഉത്തരവാ കുന്നു. ''

16. പറയിട് - നിലവിൽ 100/- രൂപയെന്നത് 120 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത് 150/- രൂപയായി വർദ്ധിപ്പിക്കേണ്ടതും ആയതിൽ 130/- രൂപ മുതൽകൂട്ടും 20/- രൂപ സപ്ലെയർ ചെലവും അനുവദിക്കണം എന്നതാണ് ആവശ്യം. പറയിടിന് നിരക്ക് വർദ്ധനവ് പരിഗ ണിച്ചിട്ടില്ല. ഏകീകരണമാണ് നടത്തിയിട്ടുള്ളത്. അതിനാൽ 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതില്ലയെന്ന് ഉത്തരവാകുന്നു.

17. നീരാഞ്ജനം - വഴിപാടിന് നാളികേരം, എണ്ണ, എള്ള്, തിരശീല, ഇല, ചന്ദനം, പൂവ് എന്നിവ ആവശ്യമാണ്. ആകയാൽ റേറ്റ് 30/- രൂപയായി വർദ്ധിപ്പിച്ച് 12 രൂപ ഒടുക്ക് തുകയും 18/- രൂപ സപ്ലെയറും അനുവദിക്കണം എന്നതാണ് ആവശ്യം. ''നീരാഞ്ജന ത്തിന് ഏകീകരണമാണ് ഇപ്പോൾ നടപ്പിലാക്കിയത്. 12+8=20 എന്നത് 15+10=25 രൂപ യാക്കി ന്യായമായ റേറ്റ് ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 01.04.2016 ലെ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതില്ലയെന്ന് ഉത്തരവാകുന്നു.''

18. ചോറൂണ് - നിലവിലെ റേറ്റ് 50/- രൂപയിൽ നിന്ന് 100/- രൂപയായി വർദ്ധിപ്പിക്കണമെന്നതാണ് ആവശ്യം. ചോറൂണിന് 7+33=40 എന്നത് 10+40=50 ആക്കി ഏകീകരിക്കുകയാണ് ചെയ്തത്. വഴിപാട് റേറ്റ് വർദ്ധിപ്പിക്കുന്ന അവസരത്തിൽ ആവശ്യം പരിഗണിക്കാമെന്ന് ഉത്തരവാകുന്നു.

19. മാല ചാർത്ത്/പേന പൂജ - എന്നിവയ്ക്ക് മുതൽകൂട്ട് 5/- രൂപയിൽ നിന്നും 10/- രൂപയായി വർദ്ധിപ്പിക്കണമെന്നതാണ് ആവശ്യം 01.04.2016 ലെ ഉത്തരവിൽ ഏകീകരണമാണ് നടപ്പിലാക്കിയത് വഴിപാട് റേറ്റ് വർദ്ധിപ്പിക്കുന്ന അവസരത്തിൽ ആവശ്യം പരിഗണിക്കാമെന്ന് ഉത്തരവാകുന്നു.

20. തുക മുഴുവൻ ഒടുക്കി സപ്ലെയർ ചെലവെഴുതുന്നത് - നിലവിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡ് ദേവസ്വങ്ങളിൽ തുടരുന്ന രീതി മറ്റ് ദേവസ്വങ്ങളിൽ പ്രായോഗികമല്ല എന്നതാണ് പരാതി. ഓരോ 15 ദിവസം കൂടുമ്പോഴും സപ്ലെയർ ക്ലെയിം ചെയ്യാമെന്ന് ഉത്തരവുള്ളതിനാൽ 01.04.2016 ലെ ഉത്തരവിൽ ഭേദഗതി ആവശ്യമില്ല എന്ന് ഉത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

**സെക്രട്ടറി**

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) എല്ലാ ആഫീസ് മേധാവികൾക്കും
3) ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
4) EDP Section
5) സെക്ഷൻ ഫയൽ
6) ഫയൽ ബുക്ക്
7) ആഫീസ് കോപ്പി